"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ് - കോവിഡ് -19 പ്രതിരോധ നടപടികൾ - കുടുംബശ്രീ ആഭിമുഖ്യത്തിലുള്ള കമ്മ്യൂണിറ്റി കിച്ചൺ രൂപീകരണം - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ. (സാധാ.)നം.733/2020 ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 03/04/2020**

പരാമർശം:- 1 06.03.2020-ലെ സ.ഉ (കൈ.)നം.45/2020/തസ്വഭവ

2 26.03.2020-ലെ സ.ഉ (സാധാ)നം.713/2020/തസ്വഭവ

3 ബഹു. മുഖ്യമന്ത്രിയുടെ 30.03.2020-ലെ അവലോകനയോഗത്തിൻറെ നടപടിക്രമം

4 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.04.2020-ലെ 1606/ഡി/2020/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

## ഉത്തരവ്

കൊവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പൂർണ്ണമായ ലോക്ക് ഡൌൺ നിലവിൽ വന്നതിനെതുടർന്ന് സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഭക്ഷണം ലഭ്യമാകാത്ത സാഹചര്യം, പ്രത്യേകിച്ചും സ്വന്തമായി ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള വിഭവങ്ങൾ കണ്ടെത്താൻ പ്രയാസപ്പെടുന്നവരെയും വിഭവങ്ങൾ ഉണ്ടെങ്കിലും സ്വന്തമായി പാചകം ചെയ്ത് കഴിക്കുവാനുള്ള സാഹചര്യം വിവിധ കാരണങ്ങളാൽ ഇല്ലാത്തവരെയും മുന്നിൽ കണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കുടുംബശ്രീയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി സർക്കാർ അംഗീകരിച്ച "വിശപ്പുരഹിത കേരളം - ജനകീയ ഹോട്ടൽ" എന്ന പദ്ധതിക്ക് പുറമെയാണ് ഇപ്രകാരം കമ്മ്യൂണിറ്റി കിച്ചണിലൂടെ ഭക്ഷണപ്പൊതികൾ വിതരണം ചെയ്യാൻ സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്.

**കമ്മ്യൂണിറ്റി കിച്ചനുകളുടെയും ജനകീയ ഹോട്ടലുകളുടെയും സംയോജിത മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.**

1. ജനകീയ ഹോട്ടലുകളിൽ ഉച്ചയൂണ് പായ്ക്കറ്റിന്റെ (lunch meal) യൂണിറ്റ് കോസ്റ്റ് 30/- രൂപയായിരിക്കും. ഇതിൽ 10/- രൂപ സബ്സിഡി ഘടകം ആയിരിക്കും. ഇതിനായി സിവിൽസപ്ലൈസിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് പെർമ്മിറ്റ് ലഭിച്ചിട്ടുള്ള 10.90 രൂപയുടെ അരി ഉപയോഗിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വർക്കിംഗ് ഗ്രാന്റ് ആയി 30,000/- രൂപ പരാമർശം (1) സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ

ഇത്തരം ജനകീയ ഹോട്ടലുകളിൽ ലഭ്യമാകുന്നതാണ്. ടി ഹോട്ടൽ സജ്ജമാക്കുന്നതിന് ആവശ്യമായ കെട്ടിടം, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങൾ അതത് ഗ്രാമപഞ്ചായത്ത് / നഗരസഭകൾ ലഭ്യമാക്കേണ്ടതാണ്. ഉച്ചയൂണ് Rs.20/packet നിരക്കിലാണ് വില്പന നടത്തേണ്ടത്. ഭക്ഷണം പാർസലായി കൊടുക്കുന്ന സംവിധാനം ഉണ്ടെങ്കിൽ 25 രൂപാ നിരക്കിൽ ഈടാക്കാവുന്നതാണ്. ലോക്ക് ഡൌൺ കാലത്ത് പാചകം ചെയ്ത ഭക്ഷണം ആവശ്യമുള്ള എല്ലാവർക്കും പ്രസ്തുത നിരക്കിൽ ജനകീയ ഹോട്ടൽ വഴി വിതരണം നടത്താവുന്നതാണ്.

2. ലോക്ക് ഡൌൺ മൂലം വരുമാന മാർഗ്ഗം നിലച്ചതുകൊണ്ടും മറ്റുമുള്ള സാമ്പത്തിക പരാധീനത കാരണം ഭക്ഷണം കാശ് കൊടുത്തു വാങ്ങാൻ നിവൃത്തിയില്ലാത്തവരുണ്ട്. കാഷ്വൽ / ദിവസക്കൂലിയിൽ നിന്നും അനൌപചാരിക മേഖലയിലെ ചെറുകിട സംരംഭങ്ങളിൽ നിന്നും വരുമാനം കണ്ടെത്തിയിരുന്നവർക്ക് സർക്കാർ പ്രഖ്യാപിച്ച റേഷൻ വിതരണം ഒരു അളവുവരെ പ്രതിസന്ധി മറികടക്കുന്നതിന് സഹായകമാകും. എന്നാൽ അഗതികൾ, അതിഥി തൊഴിലാളികൾ, വയോജനങ്ങൾ, ആദിവാസി / ഗോത്രവർഗ്ഗ മേഖലയിലുള്ളവർ, കെയർ ഹോമുകളിലെ താമസക്കാർ, ഭിക്ഷാടകർ, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പാർശ്വവൽകരിക്കപ്പെട്ടവർ, കിടപ്പ് രോഗികൾ തുടങ്ങിയവർക്ക് 20/- രൂപയ്ക്ക് ഭക്ഷണം വാങ്ങുന്നതിന് കഴിയുകയില്ല. അതിനാൽ ഇവർക്ക് സൌജന്യമായി ഉച്ചയൂണ് വിതരണം ചെയ്യേണ്ടതാണ്. ഇവരെ ലക്ഷ്യം ഇട്ടുകൊണ്ടാണ് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിക്കേണ്ടത്.

3. ലോക്ക് ഡൌൺ കാലത്ത് കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വർദ്ധിച്ച ചെലവ് വരുന്നത് കണക്കിലെടുത്താണ് പരാമർശം(2) ഉത്തരവിൽ ഇതിനാവശ്യമായ തുക സ്പോൺസർഷിപ്പ് മുഖേനയോ, സംഭാവനകൾ വഴിയോ സ്വീകരിക്കാവുന്നതാണെന്നും അല്ലാത്തപക്ഷം തനത്/വികസന ഫണ്ടുകളിൽ നിന്നും ചെലവാക്കാവുന്നതാണെന്നും ഉത്തരവായിട്ടുള്ളത്.

കമ്മ്യൂണിറ്റി കിച്ചണുകളുടെ ഇതുവരെയുള്ള പ്രവർത്തനം അവലോകനം ചെയ്തതിൽ ഇവ സംരംഭമാതൃകയിൽ അല്ലാതെ ചാരിറ്റബിൾ സ്വഭാവത്തോടെ 85-90 ശതമാനത്തോളം ഊണ് സൗജന്യമായി ആവശ്യക്കാർക്ക് എത്തിച്ചു നൽകുന്ന രീതിയിൽ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ കമ്മ്യൂണിറ്റി കിച്ചണുകളിലും കുടുംബശ്രീ അംഗങ്ങളെ വോളന്റിയർമാരായോ തൊഴിലാളികളായോ നിയോഗിക്കുകയാണ് ചെയ്യുന്നത്. ഇവർക്ക് കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പിൽ സൂക്ഷ്മ സംരഭത്തിനുണ്ടാകേണ്ട നിയന്ത്രണം ഇല്ല. കമ്യൂണിറ്റി കിച്ചന്റെ കണക്കുകൾ കൈകാര്യം ചെയ്യുന്നതിനായി കുടുംബശ്രീ സംവിധാനത്തിലെ

അക്കൌണ്ടന്റുമാർ മുഖാന്തിരം തദ്ദേശ ഭരണ സ്ഥാപനം ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30.03.2020-ൽ ചേർന്ന അവലോകനയോഗത്തിൽ കമ്മ്യൂണിറ്റി കിച്ചനുകളുടെയും ജനകീയ ഹോട്ടലുകളുടെയും പ്രവർത്തനം വേർതിരിച്ച് പ്രാവർത്തികമാക്കേണ്ടതുണ്ടെന്ന് വിലയിരുത്തുകയുണ്ടായി. കമ്മ്യൂണിറ്റി കിച്ചണുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കേണ്ടതാണ്. സന്നദ്ധസംഘടനകൾക്ക് ഭക്ഷണ വിതരണം നടത്തണമെന്നുണ്ടെങ്കിൽ അവർക്ക് സ്പോൺസർഷിപ്പ് മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്മ്യൂണിറ്റി കിച്ചനിലൂടെ ആയത് പ്രാവർത്തികമാക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ കമ്മ്യൂണിറ്റി കിച്ചനുകളുടെ നടത്തിപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കമ്മ്യൂണിറ്റി കിച്ചനുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കേണ്ടതും ലോക്ക് ഡൌൺ കാലത്ത് തീർത്തും സൌജന്യ ഭക്ഷണം ആവശ്യമുള്ളവർക്ക് മാത്രം അപ്രകാരം ഭക്ഷണവിതരണം നടത്തേണ്ടതുമാണ്. കമ്മ്യൂണിറ്റി ഹാളുകൾ, സ്കൂൾ കാന്റീനുകൾ, മറ്റ് സമാന സംവിധാനങ്ങളിലാണ് ഇവയെ പ്രാവർത്തികമാക്കിയിട്ടുള്ളത്. കിച്ചൻ നടത്തിപ്പിനായി 150 മീൽസിന് 2-3 വരെ വോളന്റിയർമാർ, അധികമായി വേ ണ്ടി വരുന്ന 100 മീൽസിന് 1 ആൾ (additional person) എന്ന ക്രമത്തിൽ വോളന്റിയർമാർമാരെ നിയോഗിക്കാവുന്നതാണ്. പ രാമർശിക്കപ്പെട്ട ഓരോ വിഭാഗങ്ങളിലും തദ്ദേശഭരണ സ്ഥാപനം കണ്ടെത്തി പട്ടികപ്പെടുത്തിയിട്ടുള്ള മുൻകൂട്ടി നിശ്ചയിക്കപ്പെട്ട എണ്ണം ഭക്ഷണ പൊതികൾ മാത്രമായിരിക്കണം കമ്മ്യൂണിറ്റി കിച്ചണിൽ പാകം ചെയ്ത് വിതരണം ചെയ്യേണ്ട ത്.

**<u>സൗജന്യ ഭക്ഷണ ലഭ്യതയ്ക്ക് അർഹതയുള്ളവർ താഴെ ചേർക്കുന്ന വിഭാഗങ്ങളിൽ ഉൾപ്പെട്ടവരായിരിക്കും.</u>**

1. അഗതികൾ (ആശ്രയ/അഗതിരഹിത കേരളം പദ്ധതി പ്രകാരം കണ്ടെത്തിയിട്ടുള്ളവർ)
2. തദ്ദേശ ഭരണ സ്ഥാപനം കണ്ടെത്തി പുനരധിവസിപ്പിക്കുകയും ഇപ്പോൾ ക്യാമ്പുകളിൽ കഴിയുന്നവരുമായ ഭവന രഹിതരായ തെരുവുകളിൽ അ ന്തിയുറങ്ങിയിരുന്ന ആളുകൾ (ക്യാമ്പ് തിരിച്ചുള്ള പട്ടിക തയ്യാറാക്കണം)
3. അതിഥി തൊഴിലാളികൾ അവരുടെ അഭ്യർത്ഥനയും ആവശ്യവും അനുസരിച്ച് (ക്യാമ്പ് തിരിച്ചുള്ള പട്ടിക തയ്യാറാക്കണം)

4. സാന്ത്വന പരിചരണത്തിലുള്ള ആളുകൾ, കിടപ്പു രോഗികൾ (തദ്ദേശ ഭരണ സ്ഥാപന പട്ടിക പ്രകാരം)
5. സ്വയം പാചകം ചെയ്യാൻ കഴിയാത്തതും സാമ്പത്തികമായി മെച്ചപ്പെട്ടതല്ലാത്തതുമായ മുതിർന്ന പൗരന്മാർ (വാർഡ് തിരിച്ചുള്ള പട്ടിക തദ്ദേശ ഭരണ സ്ഥാപനം തയ്യാറാക്കണം)
6. ആദിവാസി ഊരുകളിൽ താമസിക്കുന്ന ഭക്ഷണം ആവശ്യമുള്ളവർ (ഊരുകളുടെ അടിസ്ഥാനത്തിൽ ഇവരുടെ പട്ടിക തയ്യാറാക്കണം)
7. ബഡ്സ് സ്കൂളുകളിലെ കുട്ടികളുടെ ഭക്ഷണം ആവശ്യമുള്ള കുടുംബങ്ങൾ (വിദ്യാർത്ഥികളുടെ പട്ടികയിൽ നിന്ന് തയ്യാറാക്കുക)
8. ഭക്ഷണം തയ്യാറാക്കാൻ സാധിക്കാത്ത സാഹചര്യമുള്ള കെയർ ഹോമുകളിലെ അന്തേവാസികൾ (തദ്ദേശ ഭരണ സ്ഥാപനം പട്ടിക തയ്യാറാക്കണം)
9. സിവിൽ സപ്ലൈസ് വകുപ്പ് വിതരണം ചെയ്ത 15 കിലോഗ്രാം അരി ലഭിക്കാത്ത മറ്റ് നിർധനർ (ഭക്ഷണം ആവശ്യമുള്ള എസ്.സി./ എ.സ്ടി., മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉൾപ്പെടെ). ഇവരുടെ പട്ടിക സിവിൽ സപ്ലൈസ് വകുപ്പിന്റെ ഭക്ഷ്യധാന്യ വിതരണ ക്രമമനുസരിച്ചു തദ്ദേശ ഭരണ സ്ഥാപനം തയ്യാറാക്കണം.

ഇപ്രകാരം തയ്യാറാക്കിയ ഗുണഭോക്തൃ പട്ടിക തദ്ദേശഭരണ സ്ഥാപനം അവരുടെ ഔദ്യോഗിക വെബ്സൈറ്റിലും സോഷ്യൽ മീഡിയ പേജുകളിലും അപ്‌ലോഡ് ചെയ്യേതാണ്. ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന കമ്മ്യൂണിറ്റി കിച്ചണുകൾക്ക് അനുസൃതമായി ക്രമപ്പെടുത്തി പരിപാലിക്കണം.

**<u>കമ്മ്യൂണിറ്റി കിച്ചണുകൾക്കുള്ള ഫണ്ട് സ്രോതസ്സ്</u>**

സൗജന്യ ഭക്ഷണം വിതരണം ചെയ്യുന്ന കമ്മ്യൂണിറ്റി കിച്ചണുകൾക്കുള്ള ധനസഹായം പ്രധാനമായും സ്പോൺസർഷിപ്പുകൾ വഴിയായിരിക്കണം. മുൻനിശ്ചയിച്ച പ്രകാരം ഇത്തരത്തിൽ മതിയായ സ്പോൺസർഷിപ്പ് ലഭ്യമാകാത്ത സാഹചര്യത്തിൽ, ഈ വിടവ് നികത്താൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തനതു ഫണ്ട ഉപയോഗിക്കാം. തനതു ഫണ്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ, വികസനഫണ്ടുകൾ പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ എന്നിവരെ ബോധ്യപ്പെടുത്തി അറിയിപ്പിന് വിധേയമായി ഉപയോഗിക്കാം.

തെരുവ് നിവാസികൾക്കും നിരാലംബർക്കും അതിഥി തൊഴിലാളികൾക്കും പ്രതിദിനം 60 രൂപ പരിധിക്ക് വിധേയമായി ഭക്ഷണം നൽകുന്നതിനും ആയതു റീ ഇമ്പേഴ്സ് ചെയ്യുന്നതിനും നിലവിൽ SDRF-ൽ വ്യവസ്ഥയുണ്ട്. റീ ഇമ്പേഴ്സ് ചെയ്യുന്നതിനായി ഇത്തരം ആളുകളുടെ പട്ടിക തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കി ജില്ലാ കളക്ടറുടെ അംഗീകാരം നേടുകയും ചെലവുകളുടെയും ഭക്ഷ്യ വിതരണത്തിന്റെയും പ്രത്യേക കണക്കുകൾ സൂക്ഷിക്കുകയും ചെയ്യണം.

പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് അരി അനുവദിച്ചത് ജനകീയ ഹോട്ടലുകൾക്കാണ്; കമ്മ്യൂണിറ്റി കിച്ചണുകൾക്കല്ല. എന്നിരുന്നാലും ഇവ തമ്മിൽ ഉണ്ടാകാവുന്ന കൂടിച്ചേരൽ സാധ്യത കണക്കിലെടുത്തു ഇന്ന് മുതലുള്ള എല്ലാ വരവ് ചെലവ് കണക്കുകളും ധനവിഭവ സ്രോതസ്സുകളും ജനകീയ ഹോട്ടലുകളുടെയും കമ്മ്യൂണിറ്റി കിച്ചണുകളുടെയും പ്രത്യേകം പ്രത്യേകം പരിപാലിക്കണം.

**<u>കമ്മ്യൂണിറ്റി കിച്ചണുകളിലെ മാനവ വിഭവശേഷി</u>**

തദ്ദേശഭരണ സ്ഥാപനത്തിലുള്ള നിരീക്ഷണ സമിതി (പരാമർശം 2 ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്) പാചകക്കാരെയും വിതരണം ചെയ്യുന്നവരെയും കണ്ടെത്തി അവരുടെ എണ്ണം ആവശ്യാനുസരണം പരിമിതപ്പെടുത്തേണ്ടതാണ്. (അതായത് 150 മീൽസിന് 2-3 വരെ പേർ (ഒരു സമയം), അധികമായി വരുന്ന ഓരോ 100 മീൽസിന് ഒരു വോളന്റിയർ എന്ന കണക്കിൽ). ആവശ്യമെങ്കിൽ, സന്നദ്ധപ്രവർത്തകരെ ഷിഫ്റ്റുകളായും വിന്യസിക്കാം. ആവശ്യകത, സൗജന്യ ഭക്ഷണം വിതരണം ചെയ്യേണ്ട വ്യക്തികളുടെ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള എണ്ണം, ഭക്ഷണം എത്തിച്ചു നൽകുന്നതിന് ആവശ്യമായ സമയം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം വിതരണം ചെയ്യുന്നവരെ നിശ്ചയിക്കേണ്ടത്. എല്ലാ സന്നദ്ധസേവക പാസ്സുകളും ജില്ലാ കളക്ടർ അംഗീകരിക്കണം, കൂടാതെ ജോലിയുടെ ദിവസവും സമയ ദൈർഘ്യവും കൃത്യമായി വ്യക്തമാക്കണം. സന്നദ്ധ സേവകരിൽ നിന്നോ കുടുംബശ്രീയിൽ നിന്നോ സന്നദ്ധപ്രവർത്തകരെ കണ്ടെത്താം.

സന്നദ്ധ പ്രവർത്തനം ആയതിനാൽ ഓണറേറിയം നൽകുന്നതല്ല. ആയതിനാൽ സന്നദ്ധസേവനം അടിസ്ഥാനമാക്കി പ്രവർത്തിക്കാൻ തയ്യാറുള്ളവർ മാത്രമേ ജോലി ചെയ്യുന്നുള്ളൂവെന്ന് ഉറപ്പാക്കേണ്ടതാണ്.

**കമ്മ്യൂണിറ്റി കിച്ചനും കുടുംബശ്രീയും**

പരാമർശം (2) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന കമ്മ്യൂണിറ്റി കിച്ചനുകളും പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ ഹോട്ടലുകളും വേർതിരിച്ച തന്നെ പ്രാവർത്തികമാക്കേണ്ടതാണ്. നിലവിലുള്ള കുടുംബശ്രീ ഹോട്ടലുകൾ കമ്മ്യൂണിറ്റി കിച്ചൻ ആയി പരിവർത്തനം ചെയ്ത കേസുകളിൽ പരാമർശം (1) ഉത്തരവ് ബാധകമാണ്. ഇവിടെ ലഭിക്കുന്ന എല്ലാ സ്പോൺസർഷിപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കിയ പട്ടിക പ്രകാരമുള്ളവർക്ക് സൌജന്യ ഭക്ഷണം നൽകുന്നതിനായി വിനിയോഗിക്കേണ്ടതാണ്. ഇത്തരം കമ്മ്യൂണിറ്റി കിച്ചനുകളിലൂടെ സൌജന്യ ഭക്ഷണം ലഭിക്കുന്നവർക്ക് മറ്റ് സംവിധാനങ്ങളിലൂടെ സൌജന്യം ഭക്ഷണം ലഭിക്കുന്നില്ല എന്ന് പരാമർശം (2) ഉത്തരവ് പ്രകാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപന മോണിറ്ററിംഗ് കമ്മിറ്റി ഉറപ്പ വരുത്തേണ്ടതാണ്. സൌജന്യ ഭക്ഷണ വിതരണം നടത്തുന്നതിനുള്ള ലേബർ സന്നദ്ധ പ്രവർത്തനം ആയിരിക്കേണ്ടതും ഇതിനായി പ്രത്യേകം തുക ചെലവഴിക്കാൻ പാടുള്ളതുമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കണ്ണൻ ആർ.എസ്
സ്പെഷ്യൽ സെക്രട്ടറി

എല്ലാ കോർപ്പറേഷൻ മേയർമാർക്കും

എല്ലാ മുനിസിപ്പാലിറ്റി ചെയർമാന്മാർക്കും

എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം

ഗ്രാമവികസന കമ്മിഷണർ , തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ

സെക്രട്ടറി, ഭക്ഷ്യ - പൊതുവിതരണ വകുപ്പ്

ഡയറക്ടർ, സിവിൽ സപ്ലൈസ് വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന )

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മിഷണർ മുഖേന )

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ / ഓഫീസ് കോപ്പ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യുടെ പി.എയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) പി.എയ്ക്ക്